# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 931 — 05.02.2020 ലെ മറുപടി

## കാസർഗോട് ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കാസർഗോട് ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) കാസർഗോട് ജില്ലയിലെ ബാവിക്കര റഗുലേറ്ററിന്റെ (ബാലൻസ് പ്രവൃത്തി) 85% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ജനറേറ്റർ റൂമിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.പിയറിന്റെ ഉയരം കൂട്ടുന്ന പ്രവൃത്തിയും, കരസംരക്ഷണ പ്രവൃത്തിയുടെ പൈലിംഗിനു വേണ്ടിയുള്ള പ്രാരംഭപ്രവൃത്തികളും പുരോഗമിക്കുന്നു |
| (ബി) നിർമ്മാണ പ്രവർത്തനം ഇടയ്ക്ക് മുടങ്ങിയിട്ടുണ്ടെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) 2019 ൽ തുടർച്ചയായി പെയ്ത മഴകാരണം പുഴയിലെ ഒഴുക്ക് കുറയാതെ നീണ്ടുനിന്നതിനാലാണ് ഇടയ്ക്ക നിർമ്മാണ /പ്രവർത്തനം മുടങ്ങിയത്. |
| (സി) നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഇനി എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ തടസ്സങ്ങൾ പരിഹരിക്കാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) തടസ്സങ്ങളൊന്നുമില്ല |

സെക്ഷൻ ഓഫീസർ